മെഡിക്കൽ ആഫീസർ ഇക്കാര്യം മോണിറ്റർ ചെയ്തിട്ടുണ്ട്. സ്വീകരിച്ച നടപടികൾ താഴെപ്പറയും പ്രകാരമാണ്.

1. നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിൽ ടിറ്റ്മെന്റ് പ്ലാന്റിൽനിന്നുമുള്ള വെള്ളം ശേഖരിക്കുന്നതിനായി 3 ടാങ്ക് കെട്ടി പ്രശ്നം പരിഹരിച്ചിട്ടുണ്ട്.

2. മൂന്ന് വൈറൽ ഹെപ്പറ്റൈറ്റിസ്-എ കേസുകൾ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തെ രണ്ട് കിണറുകളിൽനിന്നും വാട്ടർ സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തി.

3. ഈ സ്ഥലത്തോട് ചേർന്നുകിടക്കുന്ന 25 കിണറുകൾ സൂപ്പർ ക്ലോറിനേഷൻ ചെയ്തു.

4. ഈ സ്ഥലത്തുള്ള 30 വീടുകളിലും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.

5. 21-10-2015-ന് പഴഞ്ഞി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സൂപ്രണ്ട്, ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർ സ്ഥലം സന്ദർശിച്ചു. രോഗം വന്ന സ്ഥലത്തെ എല്ലാവരെയും പരിശോധിച്ചു.

6. ഇപ്പോൾ ഈ പ്രദേശത്ത് മറ്റ് പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഒന്നുംതന്നെ ഇല്ല.

ക്ഷയരോഗ നിർണ്ണയം

34(732) ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ശശി :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ഏതെങ്കിലും ജില്ലയെ സമ്പൂർണ്ണ ക്ഷയരോഗ നിയന്ത്രണ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ദേശീയ ക്ഷയരോഗ പദ്ധതിയിൻ കീഴിൽ 2015-16 വർഷത്തിൽ എത്ര ക്ഷയരോഗികളാണ് പദ്ധതിയിലേക്ക് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കുമോ;

(സി) കുട്ടികളിലെ ക്ഷയരോഗ നിർണ്ണയത്തിനുള്ള പരിശോധനാ കിറ്റുകൾക്ക് ക്ഷാമം നേരിടുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സമ്പൂർണ്ണ ക്ഷയരോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് പ്രതിസന്ധി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഒരു ജില്ലയെയും സമ്പൂർണ്ണ ക്ഷയരോഗ നിയന്ത്രണ ജില്ലയായി പ്രഖ്യാപിച്ചിട്ടില്ല.

(ബി) 2015 ജനുവരി 1 മുതൽ 2015 ഡിസംബർ 31 വരെ 22785 ക്ഷയരോഗികളാണ് പരിശോധനയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	രോഗികളുടെ എണ്ണം
1	തിരുവനന്തപുരം	2306
2	കൊല്ലം	2057
3	ആലപ്പുഴ	1618
4	പത്തനംതിട്ട	922
5	കോട്ടയം	1676
6	ഇടുക്കി	556
7	എറണാകുളം	2261
8	തൃശ്ശൂർ	2284
9	പാലക്കാട്	2206
10	മലപ്പുറം	2228
11	കോഴിക്കോട്	1698
12	വയനാട്	673
13	കണ്ണൂർ	1524
14	കാസർഗോഡ്	776
	ആകെ	22785

(സി) ഇല്ല. കുട്ടികളുടെ ക്ഷയരോഗ നിയന്ത്രണത്തിനുള്ള പരിശോധനാ കിറ്റുകൾ ജില്ലകൾക്ക് ആവശ്യാനുസരണം വാങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ രംഗത്തെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് നാഷണൽ ഹെൽത്ത് മിഷനിൽനിന്ന് വിഭ്യമാക്കി ജില്ലകളുടെ ആവശ്യാനുസരണം വിതരണം ചെയ്തിട്ടുണ്ട്. പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടിക്കായുള്ള കേന്ദ്രവിഹിതത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ വിഹിതത്തിൽനിന്ന് 6.26 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

വണ്ടാനം മെഡിക്കൽ കോളേജിന്റെ ചുറ്റുമതിൽ

35(733) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിന്റെ ചുറ്റുമതിലിന്റെ പടിഞ്ഞാറു ഭാഗം പൊളിച്ചുനീക്കുന്നത് സംബന്ധിച്ച് തർക്കങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) പടിഞ്ഞാറ് ഭാഗത്തെ മതിൽ പൊളിച്ചുമാറ്റാൻ അധികാരികൾ ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ചുറ്റുമതിലിന്റെ പടിഞ്ഞാറുഭാഗത്തെ അത്യാഹിത വിഭാഗത്തോട് ചേർന്നുള്ള ഭാഗത്ത് മതിൽ പൊളിച്ച് വിക്കറ്റ് ഗേറ്റ് പണിയുന്നതിനുള്ള സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് ശ്രീ. പ്രീത്കുമാർ എന്നയാൾ ഹൈക്കോടതിയിൽ കേസ് നൽകിയിട്ടുണ്ട്.

(ബി) 24-11-2014-ലെ ജി.ഒ(ആർ‌ടി.) നമ്പർ 3770/2014/ആ.കു.വ. 5-1-2015-ലെ ജി.ഒ(ആർ‌ടി) നമ്പർ 22/15/ആ.കു.വ., 5-10-2015-ലെ ജി.ഒ(ആർ‌ടി.) നമ്പർ 3251/15/ആ.കു.വ. എന്നിവ പ്രകാരം ചുറ്റുമതിൽ പൊളിച്ച് വിക്കറ്റ് ഗേറ്റ് സ്ഥാപിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. അത് നടപ്പിൽ വരുത്തുന്നതിന് ആശുപത്രി സൂപ്രണ്ട് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള സർക്കാർ ഉത്തരവിൽ (വിക്കറ്റ് ഗേറ്റ് പണിയുന്നതിന്) തിരുത്തൽ എടുക്കുന്നത് രണ്ടാഴ്ചത്തേക്ക് നിർത്തിവയ്ക്കുന്നതിന് ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി വിഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly